നവേണ്ടി ഫ്ലവർ–ലെ ബഡ്ജറ്റിൽ ഫ 0,0 0 0 രൂപാ കൊള്ളി ച്ചിട്ടുണ്ട്. അതിനുവേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

MR. MANKUZHI M. MADHAVAN : ഇക്കൊല്ലംതന്നെ അതു പൂർത്തിയാ കുമോ?

HON'BLE MR. E. K. MADHAVAN : പ്രാരംഭ നടപടികൾ ഇപ്പോൾ തന്നെ തുടങ്ങിക്കഴിഞ്ഞിരിക്കുന്നതുകൊണ്ടു ഇക്കൊല്ലംതന്നെ പൂർത്തിയാക്കു മെന്നു വിശ്വസിക്കാം.

വെയർഹൗസ് ആക്റ്റ്.

*164. MR. MANKUZHI M. MADHAVAN : താഴെ കാണുന്ന ചോദ്യത്തിനു വെയർഹൗസ് ആക്റ്റിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ടമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂർ വെയർഹൗസ് ആക്റ്റ് പ്രയോഗത്തിൽ വരു ത്തുന്നതിന് എന്തെല്ലാം നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടെന്നു പറയുമോ?

HON'BLE MR. T. K. NARAYANA PILLAI: The provisions of the Act are being implemented. A Warehouse Officer and staff with Head-quarters at Alleppey have been appointed. Licenses have so far been issued to 8 Classifiers and 6 Weighers. Though there were 19 applications for warehouse licenses only 2 applicants have so far furnished the required security and taken out the licenses.

ലോഹമണൽ വ്യവസായം സംബന്ധിച്ചു കിട്ടേണ്ട തുക.

*165. MR. KALATHIL K. VELAYUDHAN NAIR (*Changanacherry* II—*General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവ സായമന്ത്രി സദയം മറുപടി നൽകുമോ?

(എ) ലോഹമണൽ കയറ്റി അയച്ചതു സംബന്ധിച്ച് ഏതെ ങ്കിലും കമ്പനികളിൽനിന്നും ഗവണ്മെന്റിലേക്ക് പണം കിട്ടുവാനുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്രവീതം കിട്ടുവാനുണ്ട്?

(സി) ഈ സംഖ്യകൾ എത്ര നാളായിട്ടുള്ള കുടിശികയാണ്?

(ഡി) കുടിശിക ഈടാക്കുന്നതിന് എന്തു നടപടി നടത്തി യിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : (എ) റായൽറ്റി എന്ന നിലയിലും ആദായത്തിന്റെ കാഹരി എന്ന നിലയിലും കിട്ടുന്നുണ്ട്.

(ബി) അസോഷ്യേറ്റഡ് മിനറൽ കമ്പനിയിൽനിന്നും ആദായത്തിന്റെ ഓഹരി എന്ന നിലയിൽ ന, ഫ ർ, ഫ ന്റ ശ്രപാ ന്റ ചക്രം കാശ്ശും പലിശയും, റായൽറ്റി വകയിൽ ഉദ്ദേശം ൬൦,൦൦൦ രൂപയും കിട്ടാനുണ്ട്. എഫ്. എക്സ്. പെരേരാ ആൻറ് സൺസ് കമ്പനിയിൽനിന്നും ആദായത്തിന്റെ വീതമെന്ന നിലയിൽ ൨,൨൯,൨൯൦ രൂപാ ഫ ൦ ചക്രം ൭ കാശ്ശും പലിശയും കിട്ടാനുണ്ട്. റായൽറ്റി ഇനത്തിൽ വരാനുള്ള തുകയുടെ വിവരങ്ങൾ ശേഖരിച്ചുവരുകയാണ്. സി, ഡി ഫൻർ ർ-ർ വ വർഷങ്ങളിലെ ഇടപാടുകളെ അടിസ്ഥാനമാക്കിയാണ് ഇതുയും കടിശ്ശികകൾ വന്നിട്ടുള്ളത്. അതുസംബന്ധിച്ച് ഗവണ്മെൻറും കമ്പനികളുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കടിശ്ശിക മുഴുവൻ ഉടൻതന്നെ തന്നുകൊള്ളാമെന്ന് കമ്പനികൾ വാഗ്ദത്തം ചെയ്തിരിക്കുകയാണ്.

MR. KALATHIL K. VELAYUDHAN NAIR : ഗവണ്മെൻറിനു വരാനുള്ള പണംതരുന്നതു് കമ്പനികൾക്കു പണം കിട്ടിയതിനുശേഷമല്ലേ?

HON'BLE MR. T. K. NARAYANA PILLAI : അതേ?

MR. KALATHIL K. VELAYUDHAN NAIR : അപ്രകാരം പണം കമ്പനികൾക്കു് കിട്ടിയശേഷവും തരാതിരിക്കാൻ പ്രത്യേക കാരണങ്ങൾ വല്ലതും ഉണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : പ്രത്യേക കാരണം വല്ലതുമുണ്ടോ എന്നറിയാൻ പാടില്ല. ഏതായാലും തരാതെ നിമിഷം മുതൽ അതു തന്നു തീർക്കണമെന്നു് ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണു് ചെയ്തുകൊണ്ടിരിക്കുന്നതു്.

MR. PANDAVATHU SANKARA PILLAI (*Karthikapalli III—General*) : പണം തരാതിരിക്കുമ്പോൾ കമ്പനികൾക്കു് കൊടുക്കുന്ന ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : കമ്പനികൾക്കു് ആനുകൂല്യങ്ങൾ ഒന്നും ചെയ്യുന്നില്ല. കപ്പൽ വരുമ്പോൾ കടിശ്ശികകൾ തന്നുകൊള്ളാമെന്നാണു് അവർ എഴുതിയിരിക്കുന്നതു്. കപ്പൽ പെട്ടെന്നാണു് സാധാരണ വരുന്നതു്. അങ്ങനെ വരുമ്പോൾ പെർമിറ്റു കൊടുത്തില്ലെങ്കിൽ സാമാനങ്ങൾ കയറ്റി അയക്കാൻ നിവൃത്തിയില്ലാതെവരും. അതുകൊണ്ടു പെർമിറ്റുകൾ കൊടുക്കാറുണ്ടു്. കപ്പലുകൾ വരുമ്പോൾ അവരുടെ കടിശ്ശിക സംഖ്യകൾ കൂടെ തരുന്നുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly